ആർ.ബി.ഐ/2004-05/490

ഡി.ബി.ഒ.ഡി.നമ്പർ. എൽ.ഇ.ജി.

ബി.സി. 95/09-07-005/2004-05

ജൂൺ 9, 2005

പട്ടികയിലുള്ള എല്ലാ വാണിജ്യ ബാങ്കുകളുടെയും ചെയർമാൻ/സി.ഇ.ഒ മാർക്കും (ആർ.ആർ.ബി.കൾ ഒഴികെ)

സർ,

**മരണമടഞ്ഞ നിക്ഷേപകരുടെ അവകാശങ്ങൾ ഒത്തുതീർപ്പാക്കൽ - ലഘൂകരിച്ച നടപടിക്രമങ്ങൾ**

2003 നവംബർ 3നു റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വാർഷിക നയത്തിന്റെ ഇടക്കാല പുനരവലോകന പ്രഖ്യാപനത്തെത്തുടർന്ന് പൊതു സേവനങ്ങളുടെ ആഡിറ്റു നടപടി ക്രമങ്ങൾക്കും പ്രകടനത്തിനുമായി ഒരു കമ്മിറ്റി (സി.പി.പി.എ.പി.എസ്) രൂപീകരിച്ചു. റിസർവ്വ് ബാങ്ക് സാധാരണക്കാർക്കു നൽകുന്ന പൊതുസേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ബാങ്കിംഗ് നടപടികൾ എന്ന കമ്മീഷന്റെ മൂന്നാം നമ്പർ റിപ്പോർട്ടിൽ വ്യക്തികൾക്കുള്ള നിക്ഷേപ അക്കൗണ്ടും മറ്റ് സൗകര്യങ്ങളും (ബിസിനസ്സ് ഒഴികെ) എന്ന ഭാഗത്ത് പരാമർശിച്ചിട്ടുള്ളത് മരിച്ചുപോയ നിക്ഷേപകരുടെ കുടുംബത്തിന് ബാധകമായ നടപടിക്രമങ്ങൾ അവർക്ക് വലിയ പ്രയാസം ഉണ്ടാക്കുന്നുണ്ടെന്നാണ്. മരിച്ചുപോയ നിക്ഷേപകരുടെ അവകാശങ്ങൾ തീർപ്പാക്കുന്നതിന് ഞങ്ങൾ ബാങ്കുകൾക്ക് 2000 മാർച്ച് 14-ന് ഡി.ബി.ഒ.ഡി - ബി.സി. 148/09-07-007/99-2000 എന്ന നമ്പരിലും 2000 ഡിസംബർ 6-ന് ബി.സി. 56/09-07-2000-01 എന്ന നമ്പരിലും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. സി.പി.പി.എ.പി.എസിന്റെ ശുപാർശയനുസരിച്ച് നിലവിലുള്ള നടപടിക്രമങ്ങൾ പുനരവലോകനം ചെയ്തു. തൽഫലമായി, മുൻപ് നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളെയും അവഗണിച്ചുകൊണ്ട്, മരണമടഞ്ഞ നിക്ഷേപകരുടെ അവകാശങ്ങൾ വേഗത്തിലും തടസ്സങ്ങളില്ലാതെയും തീർപ്പാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

**2. നിക്ഷേപ അക്കൗണ്ടു മിച്ചം ലഭിക്കുന്നതിന്**

**എ) ആശ്രിതർ/നാമനിർദ്ദേശിതർ എന്ന വകുപ്പുള്ള അക്കൗണ്ട്**

2.1 നിങ്ങൾക്കറിവുള്ളതുപോലെ, നിക്ഷേപ അക്കൗണ്ടിൽ നാമനിർദ്ദേശ സൗകര്യം ഒരു നിക്ഷേപകൻ ഉപയോഗിക്കുകയും ഫലപ്രദമായ നാമനിർദ്ദേശം നടത്തുകയും ചെയ്യുകയോ അല്ലെങ്കിൽ ആശ്രിതർക്കായുള്ള വകുപ്പ് അടങ്ങിയ ഒരു അക്കൗണ്ട് (ഐദർ ഓർ സർവൈവർ അല്ലെങ്കിൽ എനിവൺ ഓർ സർവൈവർ അല്ലെങ്കിൽ ഫോർമർ ഓർ സർവൈവർ അല്ലെങ്കിൽ ലാറ്റർ ഓർ സർവൈവർ) തുറക്കുകയോ ചെയ്താൽ ആ നിക്ഷേപത്തുക ആശ്രിതർക്കോ നൽകിക്കഴിയുന്നതോടെ മരിച്ചുപോയ ആളിന്റെ പേരിലുള്ള തുകയിൽ ബാങ്കിനുള്ള ബാധ്യത തീർന്നതായി കണക്കാക്കാം. അതിനായി

എ) ജീവിച്ചിരിക്കുന്ന അവകാശിയെക്കുറിച്ചുള്ള ശരിയായ തെളിവുകൾ ബാങ്കു ശേഖരിക്കണം. മതിയായ രേഖാമൂലമുള്ള തെളിവ് മരണമടഞ്ഞ നിക്ഷേപകനെക്കുറിച്ചുണ്ടായിരിക്കണം.

ബി) ആ തുക നൽകാതിരിക്കാൻ കോടതി ഉത്തരവുണ്ടാകാതിരിക്കണം.

സി) മരിച്ചുപോയ നിക്ഷേപകനുവേണ്ടി ജീവിച്ചിരിക്കുന്ന ആൾ ബാങ്കിൽ നിന്നും ആ തുക സ്വീകരിക്കുന്നത് ഒരു ട്രസ്റ്റി എന്ന നിലയിലാണ്. അങ്ങനെ പണം നൽകുന്നത് അവകാശികൾക്കോ, നാമനിർദ്ദേശിതർക്കോ ഉള്ള അവകാശങ്ങളെ ബാധിക്കുന്നതല്ല.

2.2 മുൻപറഞ്ഞ രീതിയിൽ പണം നൽകുന്നതോടെ ബാങ്കു മുഴുവൻ സംഖ്യയും കൊടുത്തതായി പരിഗണിക്കപ്പെടും. നിയമപ്രകാരമുള്ള അവകാശികൾ വേണമെന്നു നിർബന്ധിച്ചാൽ അതു വളരെ ശ്രമകരവും ബുദ്ധിമുട്ടുള്ളതും മേൽനോട്ടം വഹിക്കുന്നതു പ്രയാസകരവുമായിരിക്കും. അതിനാൽ ബാങ്കുകൾ അവകാശ സാക്ഷ്യപത്രങ്ങളും ഭരണനിർവ്വഹണത്തിനുള്ള കത്തും പ്രൊബേറ്റും ആവശ്യപ്പെടാൻ പാടില്ല. തന്നെയുമല്ല തുക എത്രയായാലും അതിൽ കടപത്രമോ ജാമ്യക്കാരനെയോ ആവശ്യമില്ലാത്തതു
മാകുന്നു.

**ബി) ആശ്രിതർ/നാമനിർദ്ദേശിതനു വേണ്ടയുള്ള വകുപ്പില്ലാത്ത അക്കൗണ്ടുകൾ**

2.3 മരിച്ചുപോയ ഒരു നിക്ഷേപകൻ ആശ്രിതൻ/നാമനിർദ്ദേശിതനെ നിയമിക്കാതിരിക്കുമ്പോഴും ഐദർ ഓർ സർവൈവർ ഒഴികെയുള്ള അക്കൗണ്ടുകൾക്കും ബാങ്കുകൾ ലഘുവായ നടപടിക്രമത്താൽ നിയമപ്രകാരമുള്ള അവകാശിക്കു പണം കൊടുക്കണം. പരമാവധി പ്രാധാന്യം നൽകേണ്ടതു സാധാരണക്കാരനു ബുദ്ധിമുട്ടും അസൗകര്യവും ഉണ്ടാകാതിരിക്കുക എന്നതിനാണ്. ബാങ്കുകൾ അവരുടെ റിസ്ക് മാനേജ്മെന്റു സംവിധാനത്തിലുറച്ചുനിന്നു കൊണ്ട് മരിച്ചുപോയ നിക്ഷേപകന്റെ അവകാശങ്ങൾ കൊടുക്കാനുള്ള നടപടി ഒരു തിരിച്ചറിയൽ രേഖ മാത്രം ആവശ്യപ്പെട്ട് അതിന്റെ അടിസ്ഥാനത്തിൽ തീർക്കുക.

**3. നിശ്ചിതസമയത്തേക്കുള്ള സമയപരിധി നിക്ഷേപങ്ങൾ സമയപരിധിക്കു മുൻപ് അവസാനിപ്പിക്കുക**

നിശ്ചിത കാലത്തേക്കുള്ള നിക്ഷേപങ്ങൾക്കുള്ള അപേക്ഷയിലും ഒരു വകുപ്പുകൂടി ബാങ്കുകൾ ചേർക്കണം. അതായത് നിക്ഷേപകൻ മരണമടഞ്ഞാൽ സമയപരിധിക്കു മുൻപു തന്നെ നിക്ഷേപമവസാനിപ്പിക്കും. ആ വിവരം വ്യക്തമായി നിക്ഷേപത്തിനുള്ള അപേക്ഷാ ഫോറത്തിൽ ചേർത്തിരിക്കണം. അങ്ങനെ പണം പിൻവലിയ്ക്കുന്നതിന് ഒരു തരത്തിലുള്ള പിഴയും ഈടാക്കാൻ പാടില്ല.

**4. മരണമടഞ്ഞ നിക്ഷേപകന്റെ പേരിലുള്ള നിക്ഷേപ പ്രവാഹം**

ആശ്രിതർക്കും അവകാശിയായി നാമനിർദ്ദേശം ചെയ്തിട്ടുള്ളവർക്കും ബുദ്ധിമുട്ടും പ്രയാസവും ഉണ്ടാകാതിരിക്കാനായി ബാങ്കുകൾ അവരിൽ നിന്നു മരിച്ച നിക്ഷേപകന്റെ പേരിലുള്ള തുടർച്ചയായ നിക്ഷേപപ്രവാഹം സംബന്ധിച്ച് കരാറുകളും അധികാരപത്രങ്ങളും വാങ്ങിവയ്ക്കണം. അതിനായി ബാങ്കുകൾ താഴെ പ്പറയുന്ന ഏതെങ്കിലും ഒരു രീതി സ്വീകരിക്കണം.

മരിച്ചുപോയ നിക്ഷേപകന്റെ അവകാശിയെ ''മരിച്ചുപോയ ശ്രീ...........പേരിലുള്ള നിക്ഷേപകന് എന്ന പേരിൽ ഒരു അക്കൗണ്ടു തുടങ്ങാനും അതിൽ നിക്ഷേപം നടത്താനും അനുവദിക്കുന്നു. എന്നാൽ അതിൽ നിന്നും പണം പിൻവലിക്കാനനുവദിക്കരുത്.

ബാങ്കുകൾ അവകാശിയെയോ നാമനിർദ്ദേശിതനേയോ, ''അക്കൗണ്ടു കൈവശക്കാരൻ ജീവിച്ചിരിപ്പില്ല'' എന്ന കുറിപ്പോട് കൂടി ടിയാന്റെ പേരിൽ നിക്ഷേപം തുടങ്ങുന്നതിനും ആ അക്കൗണ്ടിൽ പണം നിക്ഷേപിക്കുന്നതിനും അനുവദിക്കുക. അതിനുശേഷം ആശ്രിതന്/നാമനിർദ്ദേശിതന് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റിലൂടെയോ ഇ സി എസ് സമ്പ്രദായത്തിലൂടെയോ അവകാശപ്പെട്ട ആൾ എന്ന നിലയിൽ സമീപിക്കാവുന്നതാണ്

**5. സുരക്ഷാപെട്ടികളുടെ/സുരക്ഷിതമായി വച്ചിട്ടുള്ള സാധനങ്ങളുടെ ലഭ്യത**

മരിച്ചുപോയ സുരക്ഷാപെട്ടി ഉപഭോക്താക്കളുടെയും സുരക്ഷിതമായി വെച്ചിട്ടുള്ള സാധനങ്ങളുമായും അവകാശികൾക്ക് സുരക്ഷിതമായി ആ സാധനങ്ങൾ, ആശ്രിതർ/നാമനിർദ്ദേശതർക്കുള്ള വകുപ്പനുസരിച്ചു ലഭിക്കുന്നതാണ്. അതു നെഗോഷ്യബിൾ ഇൻസ്ട്രുമെന്റനുസരിച്ചും ഇ.സി.എസ്. കൈമാറ്റപദ്ധതി അനുസരിച്ചും ഗുണഭോക്താവിനു ലഭിക്കുന്നതാണ്. അതിനെക്കുറിച്ചുള്ള കൂടുതൽ മാർഗ്ഗരേഖകൾ പ്രത്യേകമായി നൽകുന്നതാണ്.

**6. അവകാശങ്ങൾ തീർപ്പാക്കുന്നതിന്റെ സമയപരിധി**

ബാങ്കിനു തൃപ്തികരമായ രീതിയിലുള്ള തിരിച്ചറിയൽ രേഖയും നിക്ഷേപകൻ മരിച്ച തിനു തെളിവും ഹാജരാക്കിയാൽ അപേക്ഷ നൽകിയ തീയതി മുതൽ 15 ദിവസത്തിനകം അതിൽ തീർപ്പുണ്ടാക്കണമെന്ന് എല്ലാ ബാങ്കുകളെയും അറിയിക്കുന്നു.

ബാങ്കിനു ലഭിച്ച അവകാശങ്ങൾ തീർപ്പാക്കുന്നതിനുള്ള അപേക്ഷകളുടെ എണ്ണം, നിക്ഷേപങ്ങൾ/സുരക്ഷാപെട്ടി എന്നിവയുടെ വിവരങ്ങൾ, നിശ്ചിത ദിവസത്തിനകം തീർത്തവയുടെ എണ്ണം/കുടിശ്ശികയുടെ വിവരം, അതിനുള്ള കാരണം മുതലായവ ഉൾപ്പെടുത്തി അനുയോജ്യമായ ഇടവേളകളിൽ ബോർഡിന്റെ ഉപഭോക്തൃ സേവന സമിതിക്ക് ബാങ്കുകൾ റിപ്പോർട്ടു നല്കേണ്ടതാണ്. അതിനുള്ള നടപടിക്രമങ്ങൾ മുൻപുള്ളതുപോലെ പിൻതുടരണം.

## 7. 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പുകൾ

ഈ കാര്യത്തിന് നിങ്ങളുടെ ശ്രദ്ധ 1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്റ്റിലെ 45 ഇസഡ്.എ മുതൽ 45 ഇസഡ്.എഫ് വരെയുള്ള വകുപ്പുകളിലെയും 1985-ലെ ബാങ്കിംഗ് കമ്പനികളുടെ (നാമനിർദ്ദേശം) ചട്ടങ്ങളിലേക്കും ക്ഷണിക്കുന്നു.

## 8. ലഘുവായ പ്രവർത്തനപദ്ധതി/നടപടിക്രമം

വിവിധ സാഹചര്യങ്ങളിൽ മരിച്ചുപോയ നിക്ഷേപകരുടെ അവകാശങ്ങൾ തീർപ്പാക്കുന്ന ഒരു മാതൃകാപ്രവർത്തന പദ്ധതി (എം.ഒ.പി.) വാർത്തെടുക്കണമെന്ന് ഇൻഡ്യൻ ബാങ്കുകളുടെ അസ്സോസിയേഷൻ (ഐ.ബി.എ) ഉപദേശിച്ചിട്ടുണ്ട്. ഈ അറിയിപ്പിലുള്ള കാര്യങ്ങളുമായി ബന്ധപ്പെടുത്തി ആയിരിക്കണം അത്. ബാങ്കുകൾക്ക് അത് സ്വീകരിക്കാവുന്നതാണ്. അതിനായി ഒരു വിശദമായ പുനപ്പരിശോധന നടത്തി, മരണമടഞ്ഞവരുടെ നിക്ഷേപാവകാശം തീർപ്പാക്കുന്നതിനുള്ള ചട്ടങ്ങളും നടപടികളും പരിശോധിച്ച്, നിക്ഷേപങ്ങൾ/സുരക്ഷാപെട്ടികൾ/സുരക്ഷാ പെട്ടികളിലുള്ള സാധനങ്ങൾ നൽകുന്നതിനു ലഘൂകരിച്ചതും, നിയമവിധേയവും, ബോർഡിന്റെ അംഗീകാരം ലഭിക്കുന്നതുമായ ഒരു മാതൃകാപ്രവർത്തന നടപടിക്രമം (എം.ഒ.പി.) ഉണ്ടാക്കുന്നതിനാണ് ഐ.ബി.എ ആവശ്യപ്പെട്ടിരിക്കുന്നത്.

## 9. ഇടപാടുകാരെ നയിക്കലും - പ്രചരണവും

ആശ്രിതർ/നാമനിർദ്ദേശരെ നിയമിക്കുന്നതിനുള്ള വകുപ്പുകൾ ഉള്ളതുകൊണ്ടുള്ള ഗുണങ്ങളെക്കുറിച്ച് ഇടപാടുകാരെ ബോധവാന്മാരാക്കുന്നതിനുള്ള ഉയർന്ന മാനദണ്ഡത്തിലുള്ള പ്രചരണം നടത്തുകയും അവർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതു ബാങ്കുകളാണ്. ഒറ്റയ്ക്കുള്ളതോ കൂട്ടായതോ ആയ എല്ലാ നിക്ഷേപങ്ങൾക്കും വകുപ്പില്ലാതെ സ്വമേധയാ അവകാശങ്ങൾ തീർപ്പാക്കി ലഭിക്കുകയില്ലെന്നും ഇടപാടുകരെ ബോധ്യപ്പെടുത്തിയിരിക്കണം.

10) ഈ നിർദ്ദേശങ്ങൾ, ആശ്രിതർ/നാമനിർദ്ദേശിതരെ നിയമിക്കുന്നതിനുള്ള വകുപ്പ് മൂലം ഉപഭോക്തൃ സേവനത്തിന്റെ ഗുണമേന്മയിലുണ്ടാകുന്ന പുരോഗതിയുടെ പ്രധാനപ്പെട്ട ഘടകങ്ങളായി കണക്കാക്കാം.

11) കത്തു കിട്ടിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

**(ആനന്ദ്സിൻഹ)**

ചീഫ് ജനറൽ മാനേജർ ഇൻ ചാർജ്ജ്